(ബി) ഈ ജോലികൾക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) 1998-99 സാമ്പത്തികവർഷത്തിൽ ഏറ്റെടുത്തിട്ടുള്ളതും ഇപ്പോൾ നടന്നുവരുന്നതുമായ പ്രസ്തുത നടപ്പാലങ്ങളുടെ പണികൾ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ തുക വിനിയോഗിച്ച് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

47 (956) കുറ്റ്യാടി കനാൽ

ശ്രീ. സി.കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കനാലിന്റെ ഭാഗമായുള്ള എല്ലാ കനാലുകളിലൂടെയും ജലവിതരണം നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കനാലിന്റെ ഏതൊക്കെ ഭാഗങ്ങളിൽ വെള്ളം എത്തിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റ്യാടി കനാലിലൂടെയുള്ള ജലവിതരണം നടപ്പിലാക്കുവാൻ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഏതെല്ലാം ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചേവായൂർ, തിരുവങ്ങൂർ, തിരുവള്ളൂർ, പുറമേരി, ചോറോഡ്, ചെമ്മരത്തൂർ, കുരിങ്ങാലിയോട്, മണിയൂർ എന്നീ ഡിസ്ട്രിബ്യൂട്ടറികളിലും, ചേവരമ്പലം, അത്തോളി, കോട്ടപ്പള്ളി, ഏറാമല, പതിയാരക്കര, അഴിയൂർ, ഇരിങ്ങൽ, കണ്ണൻകുളങ്ങര, ഊഴൂർ, ചിരങ്ങതത്തൂർ എന്നീ സബ്ഡിസ്ട്രിബ്യൂട്ടറികളിലും വെള്ളം എത്തിക്കാനുണ്ട്.

(സി) കുറ്റ്യാടി കനാലിലൂടെയുള്ള ജലവിതരണം നടപ്പിലാക്കുവാൻ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസ് - 1
അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ ഓഫീസ് - 3
അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസ് - 10

48 (957) തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. വി.കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല-റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കാൻ വകുപ്പു തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2001 മേയ് 31-നകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തു കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ കമ്പി, സിമന്റ് എന്നിവ ഡിപ്പാർട്ടുമെന്റ് വഴി മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനായി 'മലബാർ സിമന്റ്സ്', 'സ്റ്റീൽ കോംപ്ലക്സ്' എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുതി നിർമ്മാണത്തിനു വേണ്ടതായ എല്ലാ രൂപരേഖകളും ലഭ്യമാക്കിയിട്ടുണ്ട്.

49 (958) 'കാഡ' പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ പഞ്ചായത്തിലെ വലിയകുളം പുനരുദ്ധരിക്കാൻ നടപടി

ശ്രീ. എൻ സുന്ദരൻ നാടാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കാഡ' പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ പഞ്ചായത്തിലെ വലിയകുളം പുനരുദ്ധരിക്കുന്നതിന് ടെണ്ടർ ആയെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പണികൾ ഇക്കൊല്ലം തന്നെ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചുകഴിഞ്ഞു.

50 (959) ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ മെയിന്റനൻസ് നടക്കാത്തതു കാരണം പല സ്ഥലങ്ങളിലും ജലസേചനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെയിന്റനൻസ് നടത്തി ജലസേചനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ മെയിന്റനൻസിനുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) കനാലുകളുടെ മെയിന്റനൻസ് നടത്തി എന്നുമുതൽ ജലസേനം കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly